കൊടുങ്ങല്ലൂർ കേന്ദ്രമാക്കി ടൂറിസം പദ്ധതി

79 [2829] *ശ്രീ. ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരിലെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ഒരു ടൂറിസം പദ്ധതി ആരംഭിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) & (ബി) പരിശോധിക്കാവുന്നതാണ്.

തൃശ്ശൂർ ജില്ലയ്ക്കായി ടൂറിസം മാസ്റ്റർ പ്ലാൻ

80 [2830] *ശ്രീ. ഉമേഷ് ചള്ളിയിൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയുടെ ടൂറിസം മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത് എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) തൃശ്ശൂർ ജില്ലയിൽ ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനായി ഡൽഹിയിലുള്ള കൺസൾട്ടിംഗ് എൻജിനീയറിംഗ് സർവ്വീസ് ഇൻഡ്യാ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിവരുന്നു. മാസ്റ്റർ പ്ലാൻ സംബന്ധിച്ച കരട് റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഇതു ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് നടപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly